SAMPOORNA


<u>സർക്കാർ എയിഡഡ് വിദ്യാലയങ്ങളിൽ 2021-22 അധ്യയനവർഷത്തിൽ ഓൺലൈൻ ആയി നടക്കുന്ന അഡ്മിഷൻ, ടിസി നൽകൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രധമാധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ</u>

നിലവിൽ ഒരു സ്കൂളിലും പഠിക്കാത്ത കുട്ടികളാണ് സർക്കാർ, എയിഡഡ് വിദ്യാലയങ്ങളിലേക്ക് ഓൺലൈൻ ആയി പ്രവേശനത്തിന് അപേക്ഷിക്കേണ്ടത്. അംഗീകാരമില്ലാത്ത അൺ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പൊതു വിദ്യാലയ പ്രവേശനം ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവർക്കും അപേക്ഷിക്കാം. അംഗീകാരമുള്ള സ്റ്റേറ്റ് സിലബസ്സ് പിൻതുടരുന്ന സ്കൂളുകളിലേക്ക് നേരിട്ടാണ് അപേക്ഷ നല്കേണ്ടത്.

ഇപ്പോൾ സർക്കാർ, എയിഡഡ്, അംഗീകാരമുള്ള അൺ എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ടിസിയ്ക്കാണ് അപേക്ഷിക്കേണ്ടത്. ഓൺലൈൻ ആയി ടിസിയ്ക്കുള്ള അപേക്ഷ സർക്കാർ എയിഡഡ് വിദ്യാലയങ്ങളിലേക്ക് നല്കാം. ഇപ്പോൾ പത്താം ക്ളാസ്സിൽ പഠിക്കുന്ന കുട്ടികൾക്കും ഓൺലൈൻ ടിസിയ്ക്ക് അപേക്ഷിക്കാം.





അഡ്മിഷൻ, ടിസി നൽകൽ എന്നിവ ഓൺലൈൻ ആയി അപേക്ഷിക്കേണ്ടത് സംമ്പൂർണ്ണ വെബ്സൈറ്റിലാണ് (Sampoorna.kite.kerala.gov.in). അഡ്മിഷന് online admission എന്ന ലിങ്കും ടിസിയ്ക്ക് transfer certificate ഉം ആണ്.





അപേക്ഷകളിലെ വിവരങ്ങൾ സംമ്പൂർണ്ണയുടെ സ്കൂൾ ലോഗിനിൽ കാണാൻ സാധിക്കുന്നതാണ്. അഡ്മിഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ Admission Request എന്നതിലും ടിസിയുമായി ബന്ധപ്പെട്ടവ TC Request ലും കാണാം.


## **<u>ഓൺലൈൻ അഡ്മിഷൻ</u>**





അപേക്ഷകൾ കാണുന്നതിലേക്കായി സംമ്പൂർണ്ണയിലെ സ്കൂൾ ലോഗിനിലെ Admission Request ൽ ക്ലിക്ക് ചെയ്യുക. Applications, provisionally admitted, admitted, Rejected എന്നീ മെനുകൾ കാണാം. Application എന്നതിൽ സ്കൂളിലേക്ക് ഓൺലൈൻ ആയി അപേക്ഷിച്ചവരുടെ ലിസ്റ്റ് കാണാം view എന്ന ഓപ്ഷനിൽ ക്ളിക്ക് ചെയ്താൽ അപേക്ഷ കാണാം.





അപേക്ഷ പ്രിന്റ് എടുക്കുവാനുള്ള ബട്ടൺ അപേക്ഷയുടെ ഏറ്റവും മുകളിൽ ഉണ്ട്.





ഏറ്റവും താഴെയായി Reject Application, Provisionally Admitted എന്നീ ഓപ്ഷൻസ് കാണാം അപേക്ഷ പരിശോധിച്ചശേഷം ഉചിതമായത് തിരഞ്ഞെടുക്കാം. Application Reject ചെയ്യുകയാണെങ്കിൽ Reject Application എന്നതിൽ Reject ചെയ്യുതിനുള്ള കാരണം എഴുതി സബ്മിറ്റ് ചെയ്യുക. ആദ്യം താത്കാലികമായി അഡ്മിറ്റ് ചെയ്യുക. അതിനായി Provisionally Admitted എന്നതിൽ ക്ളിക്ക് ചെയ്യുക. Reject ചെയ്താൽ അപേക്ഷ Rejected എന്ന മെനുവിലും Provisionally Admit ചെയ്യുകയാണെങ്കിൽ provisionally admitted എന്നതിലും കാണാം..




Provisionally admitted മെനുവിൽ കാണുന്ന അപേക്ഷ view എന്ന ബട്ടണിൽ ക്ളിക്ക് ചെയ്ത് തുറക്കുക ഏറ്റവും താഴെയായി Reject Application, Admit and sync Sampoorna എന്നിവ കാണാം. അപേക്ഷ reject ചെയ്യുന്നെങ്കിൽ കാരണം എഴുതി reject ചെയ്യാം. അതിനായി Reject Application ൽ ക്ളിക്ക് ചെയ്യുക..




Admit ചെയ്യുന്നതിന് Admit and sync Sampoorna എന്നതിൽ ക്ലിക്ക് ചെയ്യുക. admission number, ക്ലാസ്സ് എന്നിവ ഉൾപ്പെടുത്തിയ ശേഷം proceed to Sampoorna എന്നതിൽ ക്ലിക്ക് ചെയ്യുക.





Admitted എന്ന മെനുവിൽ കുട്ടി ലിസ്റ്റ് ചെയ്യുന്നു. Admit ചെയ്ത ക്ലാസ്സിലും കുട്ടിയെ കാണാം.


## ഓൺലൈൻ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്

ഓൺലൈൻ ടിസി ലഭിക്കുന്നതിന് അപേക്ഷിച്ചവരുടെ വിവരങ്ങളും മറ്റു സ്കൂളുകളിൽ നിന്നും ലഭിച്ച ടിസിയുമായി ബന്ധപ്പെട്ട വിവരങ്ങളും സ്കൂൾ ലോഗിനിൽ ലഭ്യമാണ്. അതിനായി സ്കൂൾ ലോഗിനിൽ കാണുന്ന TC Request എന്നതിൽ ക്ളിക്ക് ചെയ്യുക. രക്ഷിതാവ് ഓൺലൈൻ ടിസിക്കായി അപേക്ഷിക്കുമ്പോൾ ആ അപേക്ഷയുമായി ബന്ധപ്പെട്ട വിവരങ്ങൾ കുട്ടി പഠിക്കുന്ന സ്കൂളിലും (TC Request from Parents) കുട്ടി ചേരാനാഗ്രഹിക്കുന്ന സ്കൂളിലും (Admission through TC Request) ലഭിക്കുന്നു. അധ്യയനവർഷത്തിന്റെ തുടക്കത്തിൽ school details update ചെയ്യേണ്ടതാണ്.


### TC Request from Parents





ഈ സ്കൂളിൽ നിന്നും പോകാനാഗ്രഹിക്കുന്ന കുട്ടികളുടെ വിവരങ്ങൾ ലഭിക്കുന്നു. New Outgoing Application എന്ന കോളത്തിൽ ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം willing ലഭിക്കുന്നതിനനുസരിച്ച് കുറഞ്ഞ് വരുന്നു.




New Outgoing Application എന്ന ടൈറ്റിലിനു താഴെ ഓരോ ക്ലാസ്സിനു നേരെയായി കാണുന്ന എണ്ണത്തിനു മുകളിൽ ക്ളിക്ക് ചെയ്യുക. ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ കാണാം. Willing ലഭിച്ച അപേക്ഷകൾക്കു മാത്രമേ TC നല്കാവൂ പ്രത്യേകം ശ്രദ്ധിക്കുക.





Willing ലഭിച്ച അപേക്ഷകൾ willingness Approved എന്ന കോളത്തിൽ ലഭ്യമാണ്. ക്ളാസ്സിനു നേരെ കാണുന്ന നമ്പറിനു മുകളിൽ ക്ളിക്ക് ചെയ്യുക. Approve/Reject എന്നതിൽ ക്ളിക്ക് ചെയ്ത് ഉചിതമായത് ചെയ്യാം.





Approved എന്നാണെങ്കിൽ ടിസി സാധാരണ സ്കൂൾ ലോഗിനിൽ നിന്നും നല്കുന്ന പോലെ നല്കിയ ശേഷം ടിസി നമ്പർ ഓൺലൈനിൽ ഉൾപ്പെടുത്തി സബ്മിറ്റ് ചെയ്യുക. Approved for Transfer എന്ന കോളത്തിൽ നല്കിയ ടിസിയുടെ വിവരങ്ങൾ ലഭിക്കുന്നു.


## Admission through TC Request




ഈ സ്കൂളിൽ ചേരാനാനാഗ്രഹിക്കുന്ന കുട്ടികളുടെ വിവരങ്ങൾ ലഭിക്കുന്നു. New incoming Application എന്ന കോളത്തിൽ ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം willing ലഭിക്കുന്നതിനനുസരിച്ച് കുറഞ്ഞ് വരുന്നു.





New incoming Application എന്ന ടൈറ്റിലിനു താഴെ ഓരോ ക്ലാസ്സിനു നേരെയായി കാണുന്ന എണ്ണത്തിനു മുകളിൽ ക്ലിക്ക് ചെയ്യുക. അപേക്ഷകളുടെ വിശദാംശങ്ങൾ കാണാം. ഈ സ്കൂളിലേക്ക് കുട്ടി വരുന്നത് willing ആണോ എന്നുള്ളത് ഇവിടെ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇല്ല എന്നാണെങ്കിൽ Reject എന്നത് ചേർക്കുക. അതിനായി അവസാന കോളത്തിൽ കാണുന്ന willing/Reject എന്നതിൽ ക്ലിക്ക് ചെയ്യുക.





Willingness നല്കിയശേഷം ടിസിയും ബന്ധപ്പെട്ട വിവരങ്ങളും Approved for transfer എന്ന കോളത്തിൽ ക്രമേണ കാണാൻ സാധിക്കുന്നു. Admission through TC Request എന്ന ലിങ്കിലെ Approved for transfer കോളത്തിൽ ഓരോ കുട്ടിയുടേയും ക്ലാസ്സിനു നേരെ കാണുന്ന എണ്ണത്തിനു മുകളിൽ ക്ലിക്ക് ചെയ്യുക. സ്കൂളിൽ ചേരാനാഗ്രഹിക്കുന്ന കുട്ടികളുടെ TC number, TC യുടെ print (pdf file) എന്നിവ ലഭിക്കുന്നു.. സാധാരണ ഒരു കുട്ടിയെ TC Number ഉപയോഗിച്ച് admit ചെയ്യുന്ന പോലെ Admission > Admit from TC No. എന്ന ക്രമത്തിൽ ക്ലിക്ക് ചെയ്ത് admit ചെയ്യുക.

## TC Received from other Schools



മറ്റു സ്കൂളിൽ നിന്നും ലഭിക്കുന്ന ടിസിയുടെ ഒരു മാസം മുൻപ് മുതലുള്ള വിവരങ്ങൾ ഇവിടെ ലിസ്റ്റ് ചെയ്യുന്നു. മറ്റു TC ടിസികളുടെ വിവരങ്ങൾ former student list ൽ ലഭ്യമാണ്.

## TC Issued from this School




ഈ സ്കൂളിൽ നിന്നും നല്കുന്ന ടിസിയുടെ ഒരു മാസം മുൻപ് മുതലുള്ള വിവരങ്ങൾ ഇവിടെ ലിസ്റ്റ് ചെയ്യുന്നു.. മറ്റു TC ടിസികളുടെ വിവരങ്ങൾ former student list ൽ ലഭ്യമാണ്. **എല്ലാം ശ്രദ്ധാപൂർവ്വം ചെയ്യണമെന്ന് താത്പര്യപ്പെടുന്നു.**